# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 25/03/ 2019

# സുരക്ഷിതമല്ലാത്ത ഗ്യാസ്, പെട്രോളിയം വാഹനങ്ങൾ പിടികൂടി ..

കൊല്ലം : വർദ്ധിച്ച് വരുന്ന ഗ്യാസ് ടാങ്കർ, പെട്രോളിയം വാഹനങ്ങളുടെ അപകടനിരക്ക് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം സിറ്റി പോലീസ് ഇത്തരം വാഹനങ്ങളുടെ പ്രത്യക പരിശോധന നടത്തി. 23.03.2019 രാവിലെ 09.00 മണി മുതൽ 12-മണിവരെ നടത്തിയ പരിശോധനയിൽ 50-ൽ അധികം വാഹനങ്ങൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതായി കണ്ടെത്തി. പെട്രോളിയം ഗ്യാസ് ടാങ്കറുകൾക്ക് രണ്ട് ഡ്രൈവർമാർ വേണമെന്നുള്ള നിയമം നിലവിലിരിക്കേ ഒരു ഡ്രൈവറെ മാത്രമാണ് പിടിച്ച വാഹനങ്ങളിൽ കാണാൻ കഴിഞ്ഞത്. ഒരു ഡ്രൈവറുടെ വിശ്രമമില്ലാത്ത വാഹനമോടിക്കൽ കൂടുതൽ അപകടത്തിന് കാരണമാകുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിലാണ് പരിശോധന നടത്തിയത്. നിലവിൽ നിലനിൽക്കുന്ന യാതൊരു സുരക്ഷാ നിയമങ്ങളും ഇത്തരം വാഹനങ്ങൾ പാലിക്കപ്പെടുന്നില്ലയെന്ന് ഈ പരിശോധനയിൽ നിന്ന് ബോധ്യം വന്നിട്ടുള്ളതാണ്.



കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ശ്രീ. പി.കെ. മധു IPS അവർകളുടെ നിർദ്ദേശാനുസരണം ട്രാഫിക് നോഡൽ ഓഫീസറും ജില്ലാ ക്രൈം ബ്രാഞ്ച് അസി. കമ്മിഷണറുമായ ശ്രീ. ജി. സർജുപ്രസാദിന്റെ നേതൃത്വത്തിൽ ഹൈവെ സൈഡിലെ പോലീസ് ഓഫീസർമാരുടെ നേതൃത്വത്തിൽ പരിശോധന നടത്തിയത്. പരിശോധനയിൽ പിടിച്ച ഡ്രൈവർമാർക്ക് Traffic Enforcement Unit -ൽ വച്ച് ജില്ലാ ക്രൈം ബ്രാഞ്ച് അസി. സബ്ബ് ഇൻസ്പെക്ടർ ശ്രീ.എച്ച്.ഷാനവാസ് ബോധവൽക്കരണ ക്ലാസ്സ് നടത്തി. തുടർന്ന് വരുന്ന ദിവസങ്ങളിലും പരിശോധന തുടരണമെന്ന് ജില്ലാ ക്രൈം ബ്രാഞ്ച് അസി. പോലീസ് കമ്മീഷണർ അറിയിച്ചു. പരിശോധനയ്ക്ക് ജില്ലാ ക്രൈം ബ്രാഞ്ചിലെ എസ്. ഐ മാരായ ശ്രീ.ജോസ്, ശ്രീ. റിയാസ്, ശ്രീ. വിനീഷ്, എ.എസ്.ഐ. ശ്രീ. കെ.എൻ അനിൽകുമാർ എന്നിവരും പങ്കെടുത്തു.